ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ

109 (2021) ശ്രീ. പി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിട്ടിക്കൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതിന്റെ പണി നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കാൻ നടപടി എടുത്തിട്ടുണ്ടോ ;

(സി) ഈ പദ്ധതി നടപ്പിലാക്കുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണ് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പദ്ധതി നബാർഡിന്റെ സ്ക്കീമിൽ ഉൾപ്പെടുത്തിയിട്ടില്ല.

(സി) ഈ പദ്ധതിയുടെ പുതുക്കിയ എസ്റ്റിമേറ്റ് ഇറിഗേഷൻ ചീഫ് എൻജിനീയർ പരിശോധിച്ചു വരുന്നതേയുള്ളൂ. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്.

തലസ്ഥാന നഗരിയിലെ വെള്ളപ്പൊക്കം തടയുന്നതിന് പദ്ധതികൾ

110 (2022) ശ്രീ. ബി. വിജയകുമാർ :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. കെ. എ. ചന്ദ്രൻ :
ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തലസ്ഥാന നഗരിയിൽ അടിക്കടിയുണ്ടാകുന്ന വെള്ളപ്പൊക്കം തടയുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജലസേചന വകുപ്പ് തയ്യാറാക്കി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ് ;

(ബി) എത്രഘട്ടമായി ഈ പണി നടത്തുവാനാണ് തീരുമാനിച്ചിട്ടുള്ളത് ;

(സി) ഈ പദ്ധതിക്ക് എന്തുതുക ചെലവ് പ്രതീക്ഷിക്കുന്നു ; എന്തു തുക ഇതുവരെ ചെലവഴിച്ചു ;

(ഡി) ഇതുവരെ നടപ്പാക്കിയ പദ്ധതികൾമൂലം പ്രദേശത്തെ വെള്ളപ്പൊക്കം എത്രമാത്രം തടയാൻ കഴിഞ്ഞെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly